# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വയലാർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023




കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA.ALP/P2/1196/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 07/11/2023
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വയലാർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വയലാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വയലാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA.ALP/P2/1196/2023 തീയ്യതി: 07/11/2023

## ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 08-08-2022 മുതൽ 31-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| രാജീവ് ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-09-2023 | 19-09-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-09-2023 | 19-09-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. മായ വി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി. രഞ്ചു പ്രകാശ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ലക്ഷ്മികാന്ത് പി, ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി. കവിത ഷാജി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീമതി. ലത എ മേനോൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. അഖിൽരാജ് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ. അഞ്ജലി ബി | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി | 01-04-2022 | 31-03-2023 |
| ഡോ. ശ്രീദേവി ജി ആർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 04-09-2022 |
| ഡോ. ജലീന നാലകത്ത് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 05-09-2022 | 31-10-2022 |
| ഡോ. ഷംസാ ജമാൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-11-2022 | 31-03-2023 |
| ഡോ. ഹേമ ട്രീസ മാത്യൂ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി. സിന്ധു ജിങ്ക ചാക്കോ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 04-01-2023 |
| ശ്രീമതി. മോനിഷ എസ് | ഐ സി ഡി എസ് സൂപ്പർവൈസർ | 05-01-2023 | 31-03-2023 |
| ശ്രീ. ഹരികുമാർ എം എൻ | പ്രധാന അദ്ധ്യാപകൻ, ഗവ.എൽ പി എസ്, വയലാർ | 01-04-2022 | 31-03-2023 |
| ശ്രീമതി. മായാദേവി പി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 29-11-2022 |
| ശ്രീ. ദിനേശ് കുമാർ കെ എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 30-11-2022 | 31-03-2023 |
| ശ്രീ. വിനീത് എൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി. ഷിജി രാജൻ റ്റി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ശ്രീ. ജോസഫ് റ്റി വി | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വയലാർ | 01-04-2022 | 31-07-2022 |
| ശ്രീമതി. താരാദേവി ആർ | വില്ലേജ് എക്സ്റ്റെൻഷൻ | 01-08-2022 | 15-08-2022 |

| | | | |
|---|---|---|---|
| | ഓഫീസർ, വയലാർ (ചാർജ്ജ്) | | |
| ശ്രീ. സുനീഷ് കെ ജെ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വയലാർ | 16-08-2022 | 31-03-2023 |
| ശ്രീമതി. പ്രിറ്റി വർഗ്ഗീസ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഒളതല | 01-04-2022 | 20-05-2022 |
| ശ്രീമതി. താരാദേവി ആർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഒളതല | 21-05-2022 | 31-03-2023 |
| ശ്രീമതി. ലീന ഡെന്നീസ് | അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2022 | 31-05-2022 |
| ശ്രീമതി. ശ്യാമ ധരൻ | ഫിഷറീസ് ഓഫീസർ | 01-06-2022 | 11-12-2022 |
| ശ്രീമതി. ധന്യ യു | ഫിഷറീസ് ഓഫീസർ | 12-12-2022 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല | 1-1-2 |
| 4 | ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല | 1-1-3 |
| 5 | ഫെസ്റ്റിവൽ അഡ്വാൻസ് ബാലൻസ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി സഞ്ചയ പ്രകാരമുള്ളതും വാർഷിക കണക്കിലുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-6 |
| 8 | വിനോദ നികുതി -രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഫണ്ട് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 14 | ക്ഷേമ പദ്ധതികൾ | 1-7 |
| 15 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 17 | ടാക്സ് ഓഡിറ്റ് - അവലോകനം | 1-10 |
| 18 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല - 10,000/- രൂപ വരുമാന നഷ്ടം | 1-11 |
| 19 | ഓഡിറ്റ് ഇംപാക്റ്റ് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 2750/- രൂപ സ്ഥാപന തൊഴിൽ നികുതി ഈടാക്കി | 1-12 |
| 20 | സ്കോളർഷിപ്പ് വിതരണം - ഗുണഭോക്താവിന് അധികം തുക നല്കി | 1- 13 |
| 21 | മരണം റിപ്പോർട്ട് ചെയ്തതിന് ശേഷവും പെൻഷൻ അനുവദിക്കുന്നു | 1-14 |
| 22 | വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധിക ചെലവിനിടയാക്കുന്നു | 1-15 |
| 23 | പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം - ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ അധികം തുക നല്കി | 1-16 |

| | | |
|---|---|---|
| 24 | റോഡ് പ്രവൃത്തികൾ - കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം നഷ്ടം | 1-17 |
| 25 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block വിരിക്കുന്നതിനായി അധിക നിരക്ക് അനുവദിക്കുന്നു | 1-18 |
| 26 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഗ്രാവൽ റോഡ് നിർമ്മാണ പ്രവൃത്തിയിൽ കൺസോളിഡേഷൻ കുറവ് ചെയ്തില്ല | 1-19 |
| 27 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ആദായനികുതി ഈടാക്കിയില്ല | 1-20 |
| 28 | ഭവന പുനരുദ്ധാരണം - പണി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കിയില്ല - ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 1-21 |
| 29 | 10, 11 വാർഡുകളിൽ കാന നിർമ്മാണം - എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്ത റാമ്പ് നിർമ്മാണത്തിനായി തുക ചെലവഴിച്ചു | 1-22 |
| 30 | വയലാർ നോർത്ത് എൽ പി സ്കൂളിൽ മഴവെള്ള സംഭരണി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല | 1-23 |
| 31 | വയലാർ നോർത്ത് എൽ പി സ്കൂൾ അറ്റകുറ്റപ്പണി - എസ്റ്റിമേറ്റിൽ പെയിന്റിംഗിന് അധികനിരക്ക് ഉൾപ്പെടുത്തി | 1-24 |
| 32 | വിവിധ അംഗൻവാടികൾക്ക് അറ്റകുറ്റപ്പണികൾ - അപാകതകൾ | 1-25 |
| 33 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-26 |
| 34 | കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-27 |
| 35 | ലൈഫ് ഭവന പദ്ധതി - പണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ | 1-28 |
| 36 | ഐ.കെ.എം-ന് വിഹിതം നല്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല | 1-29 |
| 37 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല | 1-30 |
| 38 | ഓഡിറ്റ് ഇംപാക്റ്റ് - അനുപൂരക പോഷകാഹാര പദ്ധതിയിൽ അധികം ചെലവഴിച്ച 6000/- രൂപ തിരികെ അടച്ചു | 1-31 |
| ഭാഗം **2** | | |
| 1 | സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല - 10,000/- രൂപ വരുമാന നഷ്ടം | 2-1 |
| ഭാഗം **3** | | |
| 1 | സ്കോളർഷിപ്പ് വിതരണം - ഗുണഭോക്താവിന് അധികം തുക നല്കി | 3-1 |
| 2 | റോഡ് പ്രവൃത്തികൾ - കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം നഷ്ടം | 3-2 |
| 3 | പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം - ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ അധികം തുക നല്കി | 3-3 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്രഗവൺമെന്റ്, ധനകാര്യകമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 14-07-2023 ലെ 1/1-ാം നമ്പർ കമ്മറ്റി തീരുമാനപ്രകാരം തയ്യാറാക്കി 22-07-2023 തീയതിയിൽ പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ട വയലാർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസിപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പന്റീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.3.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനയിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടേയും വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഭാഗമായി എനിക്ക് ലഭിച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടേയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി വയലാർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെ കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ആലപ്പുഴ

---.----.-----

### 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) റൂൾസ് 2011, പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ)റൂൾ 62(2)(ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ

ബി)റൂൾ 62(2)(എഫ്) പ്രകാരം, അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.

സി)റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തേതിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-2 ആസ്തി മൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യ പത്രികയിൽ 31.3.2023 ലെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്ഥാവര ആസ്തിമൂല്യത്തിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

### 1-1-3 ക്യാഷ് ഫ്ലോ പത്രിക- ശരിയായ കണക്ക് പ്രതിഫലിപ്പിക്കുന്നില്ല

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-1-4 ഫെസ്റ്റിവൽ അഡ്വാൻസ് ബാലൻസ് തുക രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല

വാർഷിക കണക്ക് പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 1000/-രൂപ നീക്കിബാക്കിയുണ്ട്. രജിസ്റ്റർ പ്രകാരം നീക്കിബാക്കി - 0 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

### 1-1-5 വസ്തു നികുതി സഞ്ചയ പ്രകാരമുള്ളതും വാർഷിക കണക്കിലുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നില്ല

വസ്തു നികുതി ഡിമാന്റ് തുക, സഞ്ചയ പ്രകാരമുള്ളതും വാർഷിക കണക്കിലുള്ളതും തമ്മിൽ പൊരുത്തപ്പെടുന്നുണ്ടെങ്കിലും കളക്ഷൻ, ബാലൻസ് തുകകൾ തമ്മിൽ യോജിക്കുന്നില്ല.

### 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല. 31.03.2023-ൽ മാത്രമാണ് രേഖപ്പെടുത്തലുകളുള്ളത്.

### 1-1-7 വിനോദ നികുതി -രജിസ്റ്റർ സൂക്ഷിക്കുന്നില്ല

വിനോദ നികുതി ഇനത്തിൽ 11,82,421/- രൂപ വരവുണ്ടെങ്കിലും ഡി സി ബി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

### 1-2 ബജറ്റ്

23.03.2022 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 241474546 | 240163000 |
| വാർഷിക കണക്ക് പ്രകാരം | 153989895 | 156580825 |

24.02.2023 തീയതിയിലെ പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ താഴെകൊടുക്കുന്നു.

| വരവ് | ചെലവ് |
|---|---|
| 216762546 | 214063000 |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 18476422 |
| വരവ് | 39272409 |
| ആകെ | 57748831 |
| ചെലവ് | 29379436 |
| നീക്കിയിരിപ്പ് | 28369395 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | |
|---|---|---|---|---|---|---|---|---|
| | | | സോഴ്സിൽ പിടിച്ചത് | അലോട്ട്മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | നീക്കിയിരുപ്പ് /ലാപ്സായ തുക |
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 4535731 | 11193269 | 15729000 | 4535731 | 7682294 | 3510975 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 705045 | 5040955 | 5746000 | 705045 | 4570296 | 470659 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 0 | 115000 | 115000 | 0 | 115000 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- ടൈഡ് | ട്രഷറി | 0 | 0 | 4352103 | 4352103 | 0 | 3017209 | 1334894 |
| | ബാങ്ക് | 2996215 | 0 | 4186000 | 7182215 | 0 | 882079 | 6300136 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- അൺ ടൈഡ് | ട്രഷറി | 0 | 0 | 539251 | 539251 | 0 | 89251 | 450000 |
| | ബാങ്ക് | 266410 | 0 | 2972534 | 3238944 | 0 | 3140800 | 98144 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 0 | 0 | 2589700 | 2589700 | 0 | 1733260 | 856440 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | | 0 | 0 | 7060000 | 7060000 | 0 | 3755276 | 3304724 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 191 | 142215073 | 97 | 38134667 | 24 | 70 | 50.78 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 9952 | 1397401 | 1407353 | 1406921 | 432 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 60553079 | 60553079 | 60553079 | 0 |
| ആകെ | 9952 | 61950480 | 61960432 | 61960000 | 432 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 64320 | 49 |
| കർഷകതൊഴിലാളി പെൻഷൻ | 1325800 | 111 |
| വിധവാപെൻഷൻ | 6912200 | 707 |
| വാർദ്ധക്യകാല പെൻഷൻ | 24071100 | 2820 |
| വികലാംഗ പെൻഷൻ | 3229400 | 293 |
| അവിവാഹിത പെൻഷൻ | 1065800 | 106 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 270000 | 9 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.09.2023 തീയതിയിൽ 03:10 P.M സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 34,146/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.
2. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
3. ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.
5. കാലഹരണപ്പെട്ടതും പ്രവർത്തനരഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.
6. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയിട്ടില്ല.
7. സ്റ്റോക്ക് രജിസ്റ്ററിൽ വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-10 ടാക്സ് ഓഡിറ്റ് - അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രവർത്തനം -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ, പുതിയ തനത് വരുമാന മേഖലകൾ സംബന്ധിച്ച് 2022-23 വർഷത്തിൽ കമ്മറ്റിയിൽ ചർച്ച ചെയ്യുകയോ നിർദ്ദേശങ്ങൾ ഭരണസമിതിക്ക് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ബജറ്റും വരവുമായുള്ള അന്തരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ചർച്ച ചെയ്തിട്ടില്ല. എന്നാൽ ബജറ്റിൽ നിർദ്ദേശിച്ച തനത് വരുമാനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ സമാഹരിക്കുന്നത് ഉറപ്പാക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 03.01.23, 04.01.23, 09.01.23 തീയതികളിൽ കുടിശ്ശിക നിവാരണ ക്യാമ്പ് സംഘടിപ്പിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 17-12-2022 തീയതിയിലെ 2(1)തീരുമാനം പ്രകാരം നിശ്ചയിക്കുകയുണ്ടായി. മുൻവർഷങ്ങളിലെ വരവിനങ്ങൾ വർഷാവസാനം പിരിച്ചെടുക്കാൻ അവശേഷിക്കുന്നില്ല എന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ഉറപ്പാക്കിയിട്ടുണ്ട്. 01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകളെ സംബന്ധിച്ചും മേഖലകളുടെ പരിഷ്കരണം സംബന്ധിച്ചും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 27-04-2023 ലെ യോഗത്തിൽ ചർച്ച് ചെയ്യുകയും ചർച്ച ചെയ്ത ശിപാർശകൾ 09.08.2023 തീയതിയിൽ ഭരണസമിതിയിൽ ചർച്ച ചെയ്ത് കമ്മറ്റിയുടെ 2(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

2022-23 ലെ വസ്തു നികുതി സംബന്ധിച്ച്

വസ്തു നികുതി സംബന്ധിച്ച രജിസ്റ്ററുകളും, സഞ്ചയയിലെ വസ്തു നികുതി വരവും, ILGMS വരവും താഴെ സൂചിപ്പിക്കുന്ന പ്രകാരം പൊരുത്തപ്പെടുന്നുണ്ട്.

| | റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | നോൺ - റെസിഡെൻഷ്യൽ കെട്ടിടങ്ങൾ | ആകെ |
|---|---|---|---|
| ബജറ്റിലെ പ്രതീക്ഷിത വരവ് | 51,00,000/- | | 51,00,000 |
| ILGMS പ്രകാരമുള്ള വരവ് | 15,69,355 | 19,15,169 | 34,84,524 |
| സഞ്ചയ പ്രകാരമുള്ള | 15,69,355 | 19,15,169 | 34,84,524 |

| വരവ് | | | |
|---|---|---|---|

01.04.2023 ലെ വസ്തുനികുതി പരിഷ്കരണ നിരക്കുകൾ 09.08.2023 തീയതിയിലെ ജനറൽ കമ്മറ്റിയുടെ 2(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്താൻ സാധിച്ചിട്ടില്ല. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയാൽ മാത്രമേ ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്യാൻ സാധിക്കുകയുള്ളൂ. 01.04.2023 ന ശേഷം അസസ്സ് ചെയ്ത കെട്ടിട ഉടമകളിൽ നിന്നും 01.04.2023 ലെ പരിഷ്കരിച്ച നിരക്കിൽ വസ്തുനികുതി ഈടാക്കാൻ സാധിക്കുന്നില്ല. ആ കെട്ടിടങ്ങൾക്ക് പഴയ നിരക്കിൽ ആണ് നികുതി ഈടാക്കുന്നത്. സോഫ്റ്റ് വെയർ അപ്ഡേഷൻ നടത്തിയതിന് ശേഷം പുതുക്കിയ നിരക്ക് പ്രകാരം അധികമായി ഒടുക്കേണ്ട തുക ടി കെട്ടിട ഉടമകളുടെ പക്കൽ നിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പഴയ കെട്ടിടങ്ങളുടെ വിഷയത്തിൽ മുൻ സാമ്പത്തിക വർഷം ഒടുക്കിയ വസ്തു നികുതിയിൽ 5% വർദ്ധനവ് വരുത്തി തുക ഇടാക്കുന്നുണ്ട്. പ്രദേശത്തിന്റെ വികസന സ്ഥിതി, മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മേഖല വിഭജനം പരിഷ്കരിച്ച് ഭരണ സമിതിയുടെ 09.08.2023 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പഞ്ചായത്ത് റോഡ് മാപ്പിൽ വഴി സൌകര്യം രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ, അസസ്സ്മെൻറ് രജിസ്റ്ററുകൾ, നികുതി ഇളവ് അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ അനധികൃതമായി നികുതി ഇളവുകൾ അനുവദിച്ചതായി കാണുന്നില്ല. ഫീൽഡ് സന്ദർശനങ്ങൾ നടത്തിയാണ് നികുതി ഇളവ് അനുവദിക്കുന്നത്. പഞ്ചായത്തിൽ UA രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. ടി രജിസ്റ്ററിൽ രേഖപ്പെടുത്തിയ UA നമ്പർ നല്കിയ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്നത് വരെ 3 ഇരട്ടി തുക ഈടാക്കുന്നുണ്ട്. മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നത് ക്രമപ്രകാരമാണ്. ILGMS ൽ ക്യാൻസൽ ചെയ്ത രസീതുകൾ സഞ്ചയയിൽ ക്യാൻസൽ ചെയ്യപ്പെടുന്നുണ്ട്. ഇതുമൂലം പഞ്ചായത്തിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല.

തൊഴിൽ നികുതി

രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങൾക്കും ഡിമാൻറ് നോട്ടീസ് കൃത്യ സമയത്ത് നല്കി തൊഴിൽ നികുതി വസൂലാക്കുന്നുണ്ട്. സ്ഥാപന ഉടമകളുടെയും ജീവനക്കാരുടെയും പക്കൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും സ്വയം തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന അഭിഭാഷകർ, മറ്റ് പ്രൊഫഷണലുകൾ മാരാമത്ത് പണി നടത്തിയ കരാറുകാർ, പ്ലാൻ എഞ്ചിനിയേഴ്സ്, വാഹന ഉടമകൾ ഇവരിൽ നിന്നും പഞ്ചായത്ത് തൊഴിൽ നികുതി ഈടാക്കുന്നില്ല. പഞ്ചായത്ത് പരിധിയിൽ സ്വയം തൊഴിൽ ചെയ്യുന്നവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കാത്തത് ഇത്തരം നികുതി നഷ്ടത്തിന് കാരണമാകുന്നു. സ്ഥാപനങ്ങളും സ്ഥാപന മേധാവികളും കൈമാറുന്ന നികുതി പത്രികകൾ പ്രകാരമുള്ള തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്ക് വരുത്താറുണ്ട്. വാർഷിക ധനകാര്യ പത്രികയിലെയും രജിസ്റ്ററുകളിലെയും ഡിമാന്റ്-കളക്ഷൻ -ബാലൻസ് തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നുണ്ട്, ഇത് സംബന്ധിച്ച രജിസ്റ്ററുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്.

വിനോദ നികുതി

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന 3 സിനിമാ തിയറ്ററുകളിൽ നിന്നും വിനോദ നികുതി ഈടാക്കുന്നുണ്ട്. പഞ്ചായത്തിൽ കേബിൾ ടി.വി സേവനം നൽകുന്നവരിൽ നിന്നും വിനോദ നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

തൊഴിൽ നികുതി, ട്രെഡേഴ്സ് ലിസ്റ്റ്, സഞ്ചയ, ഇവ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളും പഞ്ചായത്തിൽ ക്രമപ്രകാരമുള്ള ലൈസൻസ് ഫീസ് ഒടുക്ക് വരുത്തുന്നുണ്ട്.

1-11 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല - 10,000/- രൂപ

വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം, എ.ഡി 288 | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2 | ഒളതല ക്ഷീരോൽപ്പാദക സഹകരണ സംഘം, എ.ഡി 292 | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 3 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് പോർട്ടൽ ഓഫീസ്,<br>വയലാർ കവല | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് പോർട്ടൽ ഓഫീസ്, നാഗംകുളങ്ങര കവല | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| | ആകെ | | 10,000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകിയെന്നും നികുതി അടവാക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04, തീയതി 13/09/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-12 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് 2750/- രൂപ സ്ഥാപന തൊഴിൽ നികുതി ഈടാക്കി

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്തിന്റെ 2022-23ലെ സ്ഥാപന തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ കർത്താ ബ്രദേഴ്സ് ഫിനാൻസിയേഴ്സ്, നാഗംകുളങ്ങര കവല എന്ന സ്ഥാപനത്തിൽനിന്ന് സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കാത്തത് മൂലം പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം:04, തീയതി 13/09/2023) നൽകിയതിനെ തുടർന്ന് സ്ഥാപനം 2500/- രൂപ സ്ഥാപന തൊഴിൽ നികുതിയും, 250/-രൂപ പിഴ പലിശയും ഉൾപ്പടെ ആകെ 2750/- രൂപ

പഞ്ചായത്തിൽ ഒടുക്കിയതായി മറുപടി ലഭ്യമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | 2021-22 അർദ്ധവർഷം | രസീത് നം /തീയതി | ഒടുക്കിയ തുക |
|---|---|---|---|---|
| 1 | കർത്താ ബ്രദേഴ്സ് ഫിനാൻസിയേഴ്സ്, നാഗംകുളങ്ങര കവല | രണ്ട് അർദ്ധ വർഷങ്ങളിലെയും (പിഴ പലിശ ഉൾപ്പടെ) | 1230101087 തീയതി 18-09-2023 | 2750 |
| | | | ആകെ | 2750/- |

1- 13 സ്കോളർഷിപ്പ് വിതരണം - ഗുണഭോക്താവിന് അധികം തുക നല്കി

ശാരീരിക വെല്ലുവിളി നേരിടുന്ന പഠിതാക്കൾക്കും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും വേണ്ടി ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ സ്കോളർഷിപ്പ് (പ്രോ.നം. 21/23) എന്ന പ്രോജക്റ്റിൽ, ഗുണഭോക്താക്കൾക്ക് അർഹമായതിലും അധികം തുക നല്കിയതുമൂലം 17400/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദവിവരം ഈ റിപ്പോർട്ടിലെ ഭാഗം 3 – ൽ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്.

1-14 മരണം റിപ്പോർട്ട് ചെയ്തതിന് ശേഷവും പെൻഷൻ അനുവദിക്കുന്നു

ഗ്രാമപഞ്ചായത്തിലെ സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറും 2022-23 വർഷം രജിസ്റ്റർ ചെയ്യപ്പെട്ട പഞ്ചായത്തിലെ മരണ റിപ്പോർട്ടും ഒത്തുനോക്കിയപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ പെൻഷൻ തുക അവർ മരണപ്പെട്ടതിന് ശേഷവും സഹകരണ ബാങ്കുകൾക്ക് അനുവദിച്ചതായി കണ്ടു (06/2023 വരെ). ധനകാര്യ വകുപ്പ് 23/09/2020 ൽ സാമൂഹ്യസുരക്ഷ പെൻഷൻ മാനദണ്ഡങ്ങൾ ക്രോഡീകരിച്ച് പുറപ്പെടുവിച്ച സ.ഉ (എം.എസ്) നം.97/2020/ധന ഉത്തരവ് പ്രകാരം ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അതാത് മാസം തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യേണ്ടത് പഞ്ചായത്ത് സെക്രട്ടറിയുടെ ബാധ്യതയാണ്. നാളിതുവരെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടില്ലാത്ത ഏതാനും ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

1) സഹകരണ ബാങ്കുകൾ വഴി (ഡയറക്റ്റ് ടു ഹോം )

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ മരണം റിപ്പോർട്ട് ചെയ്ത തീയതി | 2022-23ലെ തുക (സഹകരണ ബാങ്കുകൾക്ക് അനുവദിച്ചത്) | റിമാർക്സ് |
|---|---|---|---|---|---|
| 1 | അശോകൻ | വാർദ്ധക്യകാല പെൻഷൻ/ 104320200681 | 05/09/2022<br>26/09/2022 | 1600×6=9600 (തുക പെൻഷണർക്ക് അനുവദിച്ചത്) | ഏപ്രിൽ 23 To ജൂൺ 23 @1600<br>തുക- 4800/- സഹകരണ ബാങ്കിന് കൈമാറി |
| 2 | സരസമ്മ | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം/ 104320400066 | 15/11/2022<br>15/12/2022 | 1600×4=6400 (തുക പെൻഷണർക്ക് കൈമാറാൻ സാധിച്ചിട്ടില്ല) | ഏപ്രിൽ 23 To ജൂൺ 23 @1600<br>തുക- 4800/- സഹകരണ |

| | | | | | |
|---|---|---|---|---|---|
| | | | | | ബാങ്കിന് കൈമാറി |
| 3 | രാജേഷ് | ഇന്ദിരാ ഗാന്ധി ദേശീയ ഡിസബിലിറ്റി പെൻഷൻ സ്കീം/ 104320400074 | 11/08/2022 23/11/2022 | 1600×7= 11200 (തുക പെൻഷണർക്ക് കൈമാറാൻ സാധിച്ചിട്ടില്ല) | ഏപ്രിൽ 23 To ജൂൺ 23 @ 1600 തുക- 4800/- സഹകരണ ബാങ്കിന് കൈമാറി |
| | | | ആകെ | 27200 | 14,400 |

ചില ഉദാഹരണങ്ങൾ മാത്രമാണ് മുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാത്രവുമല്ല, ഗ്രാമ പഞ്ചായത്തിന്റ മരണ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ മാത്രമാണ് ഇവിടെ പരാമർശിച്ചിട്ടുള്ളത്. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുന്നില്ല. മറ്റ് തദ്ദേശ സ്ഥാപന പരിധിയിൽ വെച്ച് ടി കാലയളവിൽ മരണപ്പെട്ട, ഗ്രാമ പഞ്ചായത്തിൽ നിന്നും പെൻഷൻ വാങ്ങിക്കൊണ്ടിരുന്ന ഗുണഭോക്താക്കളുടെ കാര്യത്തിലും ഈ രീതിയിൽ അനർഹമായി പെൻഷൻ വിതരണം നടത്തിയിട്ടുണ്ടാവാനുള്ള സാധ്യത ഏറെയാണ്. ഇത് സംബന്ധിച്ച വിവരം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം-23 /19.09.2023) മറുപടി ലഭ്യമാക്കിയില്ല.

സഹകരണ ബാങ്ക് മുഖേന വിതരണം ചെയ്ത് വരുന്ന സാമൂഹിക സുരക്ഷാ പെൻഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള, മരിച്ചുപോയവരുടെ പേര് വിവരങ്ങൾ വാർഡ് ക്രമത്തിൽ സർവ്വീസ് സഹകരണ ബാങ്കിൽ നിന്ന് ലഭ്യമാക്കിക്കൊണ്ട് അനർഹരായ മുഴുവൻ വ്യക്തികളെയും കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. മേൽ പരാമർശിച്ച പ്രകാരം അനർഹമായ കാലയളവിലേക്ക് അനുവദിക്കപ്പെട്ട പെൻഷൻ തുക 41,600/- രൂപ ഡിബിറ്റി സെല്ലിൽ തിരികെ ഒടുക്കി, കൃത്യമായ തിരിച്ചടവ് വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

പുനർവിവാഹം/മരണം എന്നിവ ബോധ്യപ്പെട്ടാൽ സേവനയിൽ നിന്നും ടിയാളുകളെ സമയബന്ധിതമായി ഒഴിവാക്കേണ്ടത് സെക്രട്ടറിയുടെയും പെൻഷൻ സെക്ഷന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരുടെയും ചുമതലയാണ്. പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത മരണങ്ങളിൽ സേവന പെൻഷൻ ഗുണഭോക്താവ് ഉൾപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉണ്ടെങ്കിൽ അതാത് മാസം തന്നെ സേവന ഡേറ്റാബേസിൽ നിന്നും ടിയാളെ ഒഴിവാക്കേണ്ടതാണ്. ആയതിന് സർക്കാർ ഉത്തരവ് (എം.എസ്)നം 97/2020 ധന.തീയതി 23.9.2020 ലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പ്രാവർത്തികമാക്കേണ്ടതാണ്.

- പെൻഷൻ വിതരണം നടത്തുന്ന സഹകരണ സ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിന് ശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ അന്വേഷണത്തിന് ശേഷം അത്തരക്കാരെ പെൻഷൻ ഡാറ്റാ ബേസിൽ നിന്നും ഒഴിവാക്കേണ്ടതുമാണ്.
- മരണപ്പെട്ടവരുടെ വിവരങ്ങൾ അങ്കണവാടി/ആശ വർക്കർ എന്നിവർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.
- ഗുണഭോക്താവ് മരണപ്പെട്ട ശേഷമുള്ള പെൻഷൻ തുകയ്ക്ക് അവകാശികൾക്ക് അർഹത ഉണ്ടായിരിക്കുന്നതല്ല.

## 1-15 വിൻഡോ മാതൃകയിലുള്ള പത്രപരസ്യങ്ങൾ നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതൽ നൽകിയത് അധിക ചെലവിനിടയാക്കുന്നു

പ്രോജക്ട് നം.76/2023

പ്രോജക്ടിന്റെ പേര്: പദ്ധതി ആസൂത്രണം, നിർവഹണം, മോണിറ്ററിംഗ്

അടങ്കൽ- തനത് ഫണ്ട് -3,00,000/രൂപ

ചെലവ്- 224570/-രൂപ

വിൻഡോ മാതൃകയിൽ നൽകുന്ന പരസ്യങ്ങൾ (8cmx3cm)=24cm$^2$ വലിപ്പത്തിൽ ആയിരിക്കണം എന്നും പൂർണ്ണമായ പരസ്യങ്ങൾ വെബ്സൈറ്റിൽ മാത്രം പ്രസിദ്ധീകരിച്ചാൽ മതിയെന്നും സ.ഉ(അ)/01 /04/ഐ.ആൻഡ്.പി.ആർ തീയതി.01-01-04 ഉത്തരവിലൂടെ സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് താഴെപ്പറയുന്ന ദിനപത്രത്തിൽ നൽകിയ പരസ്യം "വിൻഡോ" രൂപത്തിൽ ആണെങ്കിലും നിർദ്ദിഷ്ട വലുപ്പത്തിൽ കൂടുതലുള്ളവയായിരുന്നു.

| ദിനപത്രം | പരസ്യം നൽകിയ തീയതി | പരസ്യത്തിന്റെ വലിപ്പം (സെ.മീ സ്ക്വയറിൽ) | അനുവദിച്ച തുക | 3x8cm$^2$ വലിപ്പത്തിൽ വിൻഡോ പരസ്യത്തിന് അനുവദിക്കാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| ജനയുഗം | 09.11.22 | 4x8 | 1632(After Discount) @60/cm$^2$ +GST | 1224 (After Discount) @60/cm$^2$ +GST | 408+GST |
| ജനയുഗം | 25.11.22 | 4x8 | 1632(After Discount) @60/cm$^2$ +GST | 1224 (After Discount) @60/cm$^2$ +GST | 408+GST |
| ജനയുഗം | 22.01.23 | 5x8 | 2040(After Discount) @60/cm$^2$ +GST | 1224 (After Discount @60/cm$^2$ +GST | 816+GST |
| ആകെ | | | | | 1632+ GST 5% |

പത്ര പരസ്യം നൽകിയപ്പോൾ പ്രസ്തുത നിർദ്ദേശം പാലിക്കാത്തത് കാരണം പരസ്യം പ്രസിദ്ധീകരിച്ച ഇനത്തിൽ അധികച്ചെലവിനിടയായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 21, തീയതി- 18.09.2023) ലഭ്യമാക്കിയ മറുപടിയിൽ തുക ഇനിയുള്ള ബില്ലിൽ ക്രമീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക ക്രമീകരിക്കേണ്ടതും പത്രപരസ്യം സർക്കാർ നിർദ്ദേശിച്ച വലുപ്പത്തിൽ മാത്രം നൽകാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം - ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ അധികം തുക നല്കി

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം (86/23) എന്ന പ്രോജക്റ്റിൽ, സർക്കാർ ഉത്തരവ് പാലിക്കാതെ സബ്സിഡി തുക അനുവദിച്ചതുമൂലം

25000/-രൂപയുടെ അധികച്ചെലവുണ്ടായിട്ടുണ്ട്. വിശദവിവരം ഈ റിപ്പോർട്ടിലെ ഭാഗം-3 ലെ ഖണ്ഡിക നമ്പർ 3-3 ൽ ചേർത്തിട്ടുണ്ട്.

1-17 റോഡ് പ്രവൃത്തികൾ - കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം നഷ്ടം

സി.പി.ഡബ്ള്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ ഫില്ലിംഗിന്റെ അളവിൽ നിന്നും 10% ഉം ഹെവി മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 5% ഉം കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയിട്ടുള്ള റോഡ് നിർമ്മാണ പ്രവൃത്തികളിൽ Construction Of Subgrade And Earthen Shoulders With Approved Material Obtained From Borrow Pits എന്ന ഇനം ചെയ്തതിന്റെ അളവിൽ നിന്നും കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം 11423/- രൂപയും ജി.എസ്.റ്റി 2056/- രൂപയും ഉൾപ്പെടെ ആകെ 13479/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. വിശദാംശം ഖണ്ഡിക 3-2 -ൽ ചേർത്തിട്ടുണ്ട്.

1-18 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - 80mm Thick Cc Paver Block വിരിക്കുന്നതിനായി അധിക നിരക്ക് അനുവദിക്കുന്നു

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം തൻവർഷം നടപ്പാക്കിയ നടപ്പാത നിർമ്മാണ പ്രവൃത്തികളിൽ 80mm Thick Cc Paver Block വിരിക്കുന്നതിനായി 1 $M^2$ന് 1922.025/-രൂപ നിരക്കാണ് അനുവദിച്ചിട്ടുള്ളത്. എന്നാൽ 80mm Thick Cc Paver Block വിരിയ്ക്കുന്നതിന് PRICE സോഫ്റ്റ്‌വെയർ പ്രകാരം 1 $M^2$ ന് 879.89 രൂപയാണ് അനുവദിച്ച നൽകിയിട്ടുള്ള നിരക്ക്(അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത് പ്രകാരം). പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്/വർക്ക് കോഡ്/FTO No./ കരാറുകാരൻ | എം. ബുക്ക് നമ്പർ | 80mm Thick Cc Paver Block പാകിയ ഏരിയ ($M^2$) | 1922.025/$m^2$ നിരക്കിൽ കണക്കാക്കിയ തുക | മെമ്മോറാണ്ടം ഓഫ് പേമെന്റ് പ്രകാരം ടൈൽ വർക്കിന്റെ ചെലവ് | LSGD വിഭാഗം മുഖേന നിർവ്വഹിക്കുമായിരുന്നുവെങ്കിൽ അനുവദിക്കുമായിരുന്ന തുക (879.89/$m^2$) | വ്യത്യാസം (സെക്യൂർ സോഫ്റ്റ് വെയറിലെ നിരക്കും LSGD നിരക്കും തമ്മിലുള്ള വ്യത്യാസം) |
|---|---|---|---|---|---|---|---|
| 1 | കയ്യാലയ്ക്കൽ കോൺക്രീറ്റ് നടപ്പാത വാർഡ് 11, RC/352944 ശ്രീ.എം.എൻ രാജു, മാവളത്ത് കുഴിയിൽ പെരുവ | 37/ 22-23 | 314.13$m^2$ | 603765.70 | 551010 | 276400 | 327365.70 |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | കുഴിപ്പള്ളി - മീനപ്പള്ളി ടൈൽ റോഡ് നിർമ്മാണം, RC/352273 ശ്രീ.എം.എൻ രാജു, മാവലത്ത് കുഴിയിൽ പെരുവ | 35/ 22-23 | 247.10m$^2$ | 474932.38 | 433299 | 217421 | 257511.38 |
| 3 | ചിറയിൽപറമ്പ് നടപ്പാത നിർമ്മാണം വാർഡ് 7, RC/351892 ശ്രീ. എ ജി ആന്റണി, ആലശ്ശേരിൽ, അർത്തുങ്കൽ.പി.ഒ | 182/ 22-23 | 143.36m$^2$ | 275541.50 | 269428 | 126141 | 149400.50 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് സെക്യൂർ സോഫ്റ്റ്‌വെയർ പ്രകാരം ഉയർന്ന നിരക്കാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/15.09.2023) കരാറുകാർക്ക് തുക നൽകിയിട്ടില്ല എന്നും ടൈൽ പാകുന്നതിന് ലോക്കൽ മാർക്കറ്റ് റേറ്റ് എത്ര രൂപ നൽകാമെന്നത് സംബന്ധിച്ച് വ്യക്തത വരുത്തുന്നതിന് ബ്ലോക്ക് പ്രോഗ്രാം ഓഫീസർക്ക് കത്ത് നൽകിയതായും കരാറുകാർ കോടതിയിൽനിന്നും ഇടക്കാല ഉത്തരവ് വാങ്ങിയതായും മറുപടി നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിക്കുന്ന തുടർനടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ഗ്രാവൽ റോഡ് നിർമ്മാണ പ്രവൃത്തിയിൽ കൺസോളിഡേഷൻ കുറവ് ചെയ്തില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ കാനവെളി ഗ്രാവൽ റോഡ് വാർഡ് 4 (വർക്ക് കോഡ് :343815) എന്ന പ്രവൃത്തിയുടെ ഇനം. 2 സ്പെസിഫിക്കേഷൻ 80.5.2.26.1 Filling With Contractors On Earth(excluding Rock) In Open Areas In Layers Not Exceeding 20cm In Depth, Consolidating Each Deposited Layer By Ramming And Watering, Lead Upto 50m And Lift Upto 1.5 M As Per Direction Of Site Engineer In Charge എന്ന ഇനം അളവ് പുസ്തകം നം. 46/22-23 പേജ് 3 പ്രകാരം 104.76 M$^3$ ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ അളവിൽ നിന്നും കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. അളവ് പുസ്തകം പേജ് 5 പ്രകാരം 104.76 M$^3$ ന് 1134.82/m$^3$ നിരക്കിൽ 118884/-രൂപ ചെലവ് കണക്കാക്കിയിട്ടുണ്ട്. 104.76 M$^3$ ൽ നിന്നും 20% കുറവാക്കി 83.808 M$^3$ ന് 1134.82/m$^3$ നിരക്കിൽ 95107/- രൂപ മാത്രമാണ് കരാറുകാരന് അനുവദിക്കാവുന്നത്. 23777/-രൂപ അധികമാണ് കണക്കാക്കിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ മറ്റ് പ്രവൃത്തികളിലെല്ലാം തന്നെ 20% കൺസോളിഡേഷൻ കുറവാക്കിയിട്ടുള്ളതാണ്. മേൽ പ്രവൃത്തിയിൽ കൺസോളിഡേഷൻ കുറവാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനും തുക കരാറുകാരന് നൽകിയിട്ടുണ്ടോ എന്ന് അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/15.09.2023) കൺസോളിഡേഷൻ കുറവ് ചെയ്യാൻ

വിട്ടുപോയതാണെന്നും കരാറുകാരന് തുക നൽകിയിട്ടില്ലെന്നും കൺസോളിഡേഷൻ കുറവ് ചെയ്ത് മാത്രമേ കരാറുകാരന് തുക നൽകുകയുള്ളൂ എന്നും മറുപടി നൽകിയിട്ടുണ്ട്. ഫില്ലിംഗ് അളവിൽനിന്നും കൺസോളിഡേഷൻ കുറവ് ചെയ്ത് മാത്രം കരാറുകാരന് തുക നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കരാറുകാരൻ : ശ്രീ. എ ജി ആന്റണി (ആലശ്ശേരിൽ, അർത്തുങ്കൽ പി ഒ)

പ്രവൃത്തിയുടെ ആകെ മൂല്യം : 124494/-

1-20 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - ആദായനികുതി ഈടാക്കിയില്ല

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ മിനി എം സി എഫ് നിർമ്മാണം എന്ന പ്രവൃത്തിയിൽ, കരാറിൽ ഏർപ്പെട്ട സ്ഥാപനത്തിന് തുക അനുവദിച്ചപ്പോൾ ആദായ നികുതി കുറവ് ചെയ്തില്ല. 1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30,000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവൃത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 1 മുതൽ 16 വരെയുള്ള വാർഡുകളിൽ മിനി എം സി എഫ് നിർമ്മിക്കുന്നതിനായി ടെൻഡർ ക്ഷണിച്ച് എസ്റ്റിമേറ്റ് തുക ക്വാട്ട് ചെയ്ത M/s അഫ്സൽ മെറ്റൽസ്, ആലപ്പുഴ എന്ന സ്ഥാപനത്തിന്റെ ടെൻഡർ അംഗീകരിച്ചു. 16 വാർഡുകളിലായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| വാർഡ് | മെറ്റീരിയൽ കോസ്റ്റ് | FTO നമ്പർ/തീയതി |
|---|---|---|
| വാർഡ് 1 | 21291 | 161983/27.03.2023 |
| വാർഡ് 2 | 21294 | 162177/27/03/2023 |
| വാർഡ് 3 | 21293 | 162182/27.03.2023 |
| വാർഡ് 4 | 21294 | 162205/27.03.2023 |
| വാർഡ് 5 | 21295 | 162191/27.03.2023 |
| വാർഡ് 6 | 21293 | 162221/27.03.2023 |
| വാർഡ് 7 | 21292 | 162197/27.03.2023 |
| വാർഡ് 8 | 21292 | 162205/27.03.2023 |
| വാർഡ് 9 | 21292 | 162098/30.03.2023 |
| വാർഡ് 10 | 21292 | 162098/30.03.2023 |
| വാർഡ് 11 | 21292 | 162098/30.03.2023 |
| വാർഡ് 12 | 21292 | 162098/30.03.2023 |
| വാർഡ് 13 | 21292 | 162098/30.03.2023 |
| വാർഡ് 14 | 21292 | 162098/30.03.2023 |
| വാർഡ് 15 | 21292 | 162108/30.03.2023 |
| വാർഡ് 16 | 21292 | 162108/30.03.2023 |
| ആകെ | 340680 | |

പ്രസ്തുത പ്രവൃത്തിയിൽ 340680/- രൂപയുടെ 2%, 6814/- രൂപ ആദായനികുതി ഈടാക്കേണ്ടതാണെങ്കിലും ആയത് ഈടാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/18.09.2023) തുക അടവാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നൽകിയതായി മറുപടിയിൽ അറിയിച്ചു. തുക സ്ഥാപനത്തിൽ നിന്നും ഈടാക്കേണ്ടതാണ്.

അല്ലാത്തപക്ഷം സെക്രട്ടറിയുടേയും അസിസ്റ്റന്റ് സെക്രട്ടറിയുടേയും ബാധ്യതയായി നിർണ്ണയിക്കുന്നതാണ്.

1-21 ഭവന പുനരുദ്ധാരണം - പണി പൂർത്തീകരിച്ച് വാല്യുവേഷൻ ലഭ്യമാക്കിയില്ല - ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

1). ഭവന പുനരുദ്ധാരണം (ജനറൽ) 95/23
നിർവഹണം- വി ഇ ഒ (വയലാർ)

അടങ്കൽ

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 8,00,000

ചെലവ്

ധനകാര്യ കമ്മീഷൻ ഗ്രാന്റ് - 7,50,000

ടി പ്രോജക്റ്റ് പ്രകാരം, ആദ്യ ഗഡു തുകയായ 25,000/-രൂപ 06.12.2022 - ൽ കൈപ്പറ്റിയ ബീനാമോൾ, മണിയേഴത്ത്, വയലാർ എന്നയാൾ പണി പൂർത്തീകരിച്ച് വാല്യുവേഷൻ ഹാജരാക്കിയിട്ടില്ല.

2). അതി ദരിദ്രർക്ക് ഭവന പുനരുദ്ധാരണം 185/23
നിർവഹണം- വി ഇ ഒ (ഒളതല)

അടങ്കൽ

വികസന ഫണ്ട് (ജനറൽ) - 2,00,000
ബ്ലോക്ക് പഞ്ചായത്ത് വിഹിതം -1,00,000
ജില്ലാ പഞ്ചായത്ത് വിഹിതം -50,000

ചെലവ്

വികസന ഫണ്ട് (ജനറൽ) - 2,00,000

| | |
|---|---|
| ബിൽ നം. 13/28.01.2023 | 75000/- |
| ബിൽ നം. 24/27.02.2023 | 75000/- |
| ബിൽ നം. 25/27.02.2023 | 25000/- |
| ബിൽ നം. 37/23.03.2023 | 25000/- |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം – 0
ജില്ലാ പഞ്ചായത്ത് വിഹിതം – 0

ടി പ്രോജക്റ്റ് പ്രകാരം, ആദ്യ ഗഡു തുകയായ 25,000/-രൂപ വീതം 27.02.2023 - ൽ കൈപ്പറ്റിയ ശ്രീ.സേവ്യർ, ചാണിയിൽ, വയലാർ പി.ഒ, ശ്രീമതി.വത്സല, വല്യശ്ശേരി, വയലാർ പി.ഒ. എന്നിവർ പണി പൂർത്തീകരിച്ച് വാല്യുവേഷൻ ഹാജരാക്കിയിട്ടില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13, തീയതി-15.09.2023) മേൽ പരാമർശിച്ച വ്യക്തികൾ ഉടൻ പണി പൂർത്തീകരിക്കുമെന്നാണ് മറുപടി നൽകിയിട്ടുള്ളത്. മേൽ വ്യക്തികൾ പണി പൂർത്തീകരിച്ച് വാല്യുവേഷൻ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. 75000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-22 10, 11 വാർഡുകളിൽ കാന നിർമ്മാണം - എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്ത റാമ്പ് നിർമ്മാണത്തിനായി തുക ചെലവഴിച്ചു

10, 11 വാർഡുകളിൽ കാന നിർമ്മിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിനായി (നം. S0048/23)

ധനകാര്യ കമ്മീഷൻ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റിൽനിന്നും 700000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 10-ാം വാർഡിൽ പുത്തൻവെളി 16-ാം മൈൽ റോഡിൽ ക്രോസ്സ് ഡ്രെയിനും സൈഡ് ഡ്രെയിനും നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ഇനം 5 Providing Concrete For Plain/RCC In Open Foundation എന്നതിൽ ഉൾപ്പെടുത്തി റാമ്പ് കോൺക്രീറ്റിംഗ് 4.35$m^3$ ചെയ്തതിന് 8134.21/$m^3$ നിരക്ക് പ്രകാരം 35384/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ റാമ്പ് എന്ന ഇനം പ്രവൃത്തി എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടില്ല. ഇനം 5ൽ ഡി ആർ ന മുകളിലുള്ള കോൺക്രീറ്റിംഗാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. അളവ്പുസ്തകം പേജ് 11-ൽ എക്സ്ട്രാ ഇനം 1 ആയി ക്വാറിമക്ക് ഉപയോഗിച്ച് 8.45$m^3$ ഫില്ലിംഗും എക്സ്ട്രാ ഇനം 2 ആയി പേജ് 13 പ്രകാരം റാമ്പിന് വിയറിംഗ് കോട്ട് 2.18$m^3$ ഉം ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കരാറുകാരന് തുക നൽകിയിട്ടില്ല. എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുമില്ല. എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത റാമ്പ് എന്ന ഇനം ചെയ്തതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/12.09.2023) കാനനിർമ്മാണം പൂർത്തിയായപ്പോൾ കാനയുടെ ഇരുവശങ്ങളിലുമായി, നിലവിലുണ്ടായിരുന്ന ടാർ റോഡിലുണ്ടായ തകരാറു പരിഹരിക്കുന്നതിനുവേണ്ടിയാണ് കോൺക്രീറ്റ് ചെയ്ത് റോഡിന്റെ ഉപരിതലം സഞ്ചാരയോഗ്യമാക്കിയതെന്ന് മറുപടി നൽകി. പ്രവൃത്തി സ്ഥലത്ത് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ, 10 Cm കനത്തിൽ കോൺക്രീറ്റിംഗ് നടത്തിയിട്ടുള്ളത് ബോദ്ധ്യപ്പെടാൻ സാധിച്ചില്ല. എന്നാൽ വിയറിംഗ് കോട്ടും ക്വാറിമക്ക് ഫില്ലിംഗും നടത്തിയിട്ടുള്ളതായി കണ്ടു. വിയറിംഗ് കോട്ടിനും ക്വാറിമക്ക് ഫില്ലിംഗിനും തുക അനുവദിച്ചിട്ടും ഇല്ല. 10-ാം വാർഡിൽ പുത്തൻവെളി 16-ാം മൈൽ റോഡിൽ ഡ്രെയിൻ നിർമ്മിക്കുന്നതിന് ഇനം. 5 പ്രകാരമുള്ള കോൺക്രീറ്റിംഗിനായി 2.520$m^3$ മാത്രമാണ് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളത്. 11-ാം വാർഡിലെ കാന നിർമ്മാണത്തിനായി 3.675$m^3$ ഉം ഉൾപ്പെടെ ആകെ 6.195$m^3$ ആണ് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളത്. 10-ാം വാർഡിൽ പുത്തൻവെളി 16-ാം മൈൽ റോഡിൽ ഡ്രെയിൻ നിർമ്മിക്കുന്നതിന് ഇനം. 5 പ്രകാരമുള്ള കോൺക്രീറ്റിംഗിനായി 2.520$m^3$ മാത്രമാണ് എസ്റ്റിമേറ്റ് പ്രകാരം അനുവദിച്ചിട്ടുള്ളത് എന്നിരിക്കെ 6.195$m^3$ പ്രവൃത്തി ചെയ്തതായി കാണിച്ച് തുക ചെലവഴിച്ചത് ക്രമപ്രകാരമല്ല. മേൽ കാരണങ്ങളാൽ 35384/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. 10 Cm കനത്തിൽ റാമ്പ് കോൺക്രീറ്റിംഗ് നടത്തിയിട്ടുണ്ടോ എന്നത് പരിശോധനാവിധേയമാക്കി നഷ്ടം തിട്ടപ്പെടുത്തി കരാറുകാരന് അധികതുക നൽകിയിട്ടുണ്ടെങ്കിൽ ഈടാക്കുന്നതിനായി നിലവിലെ അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നു.

കൂടാതെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്ന 11-ാം വാർഡിലെ കാന നിർമ്മാണം എന്ന പ്രവൃത്തി ചെയ്യാതിരുന്നതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

കരാറുകാരൻ - ഉണ്ണികൃഷ്ണൻ സി സി, ചന്ദ്രഭവനം, കളവംകോടം

അളവ്പുസ്തകം - 12/VLR/21-22

ചെലവ് - 352267/- (BRN No. 22060552010901264426/28.02.2023)

## 1-23 വയലാർ നോർത്ത് എൽ പി സ്കൂളിൽ മഴവെള്ള സംഭരണി സ്ഥാപിക്കൽ - പ്രവൃത്തി പൂർത്തീകരിച്ചില്ല

വയലാർ നോർത്ത് എൽ പി സ്കൂളിൽ മഴവെള്ള സംഭരണി സ്ഥാപിക്കൽ (പ്രോജക്ട് നം. S0004/23) എന്ന പ്രോജക്ടിനായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും 200000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്ലാറ്റ് ഫോം നിർമ്മാണം, ഓവർഫ്ലോ പിറ്റ്, 9000 ലിറ്റർ ടാങ്ക് സ്ഥാപിക്കൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, പൈപ്പ് കണക്ഷൻ മുതലായവയാണ് എസ്റ്റിമേറ്റ് പ്രകാരം ചെയ്യാൻ ഉദ്ദേശിച്ചിട്ടുള്ളത്. ശ്രീ എൻ എൻ അനിൽകുമാർ, തയ്യിൽ, പട്ടണക്കാട് എന്ന വ്യക്തിയുടെ 5% കുറവ് രേഖപ്പെടുത്തിയ ടെൻഡർ അംഗീകരിക്കുകയും 10.03.2023-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 6 മാസമാണ്. പ്രവൃത്തി ഇതുവരെ പൂർത്തീകരിച്ചിട്ടില്ല. പ്ലാറ്റ്ഫോം

നിർമ്മാണം, 9000 ലിറ്റർ ടാങ്ക് സ്ഥാപിക്കൽ എന്നിവ മാത്രമാണ് ചെയ്തിട്ടുള്ളത്. പൂർത്തീകരണ കാലാവധി 09.09.2023-ൽ അവസാനിച്ചു. പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകിയിട്ടില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/12.09.2023) പണി പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിന് അപേക്ഷിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും കത്ത് ഓഡിറ്റിൽ ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിച്ച് പ്രോജക്ടിന്റെ ലക്ഷ്യം കൈവരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

ചെലവ് : 146888 (Sanction Order No. 393/29.03.2023)

### 1-24 വയലാർ നോർത്ത് എൽ പി സ്കൂൾ അറ്റകുറ്റപ്പണി - എസ്റ്റിമേറ്റിൽ പെയിന്റിംഗിന് അധികനിരക്ക് ഉൾപ്പെടുത്തി

വയലാർ നോർത്ത് എൽ പി സ്കൂൾ അറ്റകുറ്റപ്പണി (പ്രോജക്ട് നം. S0156/23) എന്ന പ്രവൃത്തിക്കായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 400000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രകാരം കെട്ടിടത്തിന്റെ നിലവിലുള്ള പ്രതലത്തിൽ പെയിന്റിംഗ് ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് കണക്കാക്കിയിട്ടുള്ള നിരക്ക് സ്പെസിഫിക്കേഷൻ 13.60.1 – Wall Painting With Acrylic Emulsion Paint Of Approved Brand And Manufacture To Give An Even Shade Two Or More Coats On New Works എന്നതിന്റെ നിരക്കായ 158.06/sqm ആണ്. ഇത് പുതിയ വർക്കിന്റെ പെയിന്റിംഗിന് നൽകുന്ന നിരക്കാണ്. പഴയ വർക്കിന്റെ പെയിന്റിംഗിന് നൽകുന്ന നിരക്ക് 104.01/sqm ആണ്. പ്രവൃത്തിയുടെ പാർട്ട് ബിൽ ആണ് നൽകിയിട്ടുള്ളത്. അധിക നിരക്ക് ഉൾപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/12.09.2023) ബാക്കി പണി പൂർത്തീകരിക്കുന്നതിന് എസ്റ്റിമേറ്റ് റിവൈസ് ചെയ്യുന്നതിനായി പഞ്ചായത്ത് കമ്മറ്റിയുടെ അംഗീകാരത്തിനായി അപേക്ഷിച്ചിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട്. പ്രവൃത്തി പൂർത്തിയാക്കി ഇതേ ഇനത്തിന് തുക അനുവദിക്കുമ്പോൾ 104.01/sqm നിരക്ക് അനുവദിക്കേണ്ടതാണ്.

21.02.2023 – ൽ കരാർ വെച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്ത പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 3 മാസമാണ്. എന്നാൽ ഇതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ നൽകുകയോ ചെയ്തിട്ടില്ല. കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയെങ്കിലും കത്ത് ഓഡിറ്റിൽ ലഭ്യമാക്കിയില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

വിശദവിവരങ്ങൾ

കരാറുകാരൻ - ശ്രീഗോവിന്ദ്, ഗോവിന്ദസദനം, ചേർത്തല

ചെലവ് - 321530/- ബിൽ നം. 13/21.03.2023

ടെൻഡർ കുറവ് - 3.65%

### 1-25 വിവിധ അംഗൻവാടികൾക്ക് അറ്റകുറ്റപ്പണികൾ - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ വിവിധ അംഗൻവാടികളുടെ അറ്റകുറ്റപ്പണിക്കും ചുറ്റുമതിൽ നിർമ്മാണത്തിനുമായി ആവിഷ്കരിച്ച S0034/23 നമ്പർ പ്രോജക്ടിനായി റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1400000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 7 മാസമാണ്. 1290696/- രൂപ നിരക്ക് രേഖപ്പെടുത്തിയ ശ്രീ.അഭിലാഷ് പുരുഷോത്തമൻ, കൃഷ്ണകൃപ, വാരണം.പി.ഒ. ആണ് കരാറുകാരൻ. 18.01.2023 ൽ കരാറുകാരന് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുണ്ട്. ബിൽ നം. 15/28.03.2023 പ്രകാരം 333798/- രൂപ മാത്രമാണ് പ്രവൃത്തിക്കായി ചെലവഴിച്ചിട്ടുള്ളത് (പാർട്ട് ബിൽ). അപാകതകൾ

ചുവടെ ചേർക്കുന്നു.

1) കരാർ പ്രവൃത്തിക്ക് ഇൻഷ്വറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. ലെറ്റർ ഓഫ് അക്സെപ്റ്റൻസിലെ വ്യവസ്ഥ 6 അനുസരിച്ച് കരാർ തുകയുടെ 0.5% (കുറഞ്ഞത് 2ലക്ഷം കൂടിയത് 5 ലക്ഷം രൂപ) മൂല്യം വരുന്ന ഇൻഷ്വറൻസ് കരാറുകാരൻ എടുക്കേണ്ടതും ആയത് 15 ദിവസത്തിനുള്ളിൽ നിർവ്വഹണ ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതുമാണ്. എന്നാൽ ഈ പ്രവൃത്തിയിൽ ഇപ്രകാരം ഇൻഷ്വറൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. കരാറിലെ വ്യവസ്ഥ പ്രകാരം ഈടാക്കേണ്ട കരാർ തുകയുടെ 0.2% തുക പാർട്ട് ബില്ലിൽ നിന്നും ഈടാക്കിയിട്ടില്ല. 2581/- രൂപ ഫൈനൽ ബില്ലിൽ ക്രമീകരിക്കേണ്ടതാണ്.

2) പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 17.08.2023ൽ അവസാനിച്ചു. ഇതുവരെ പ്രവൃത്തി പൂർത്തീകരിക്കുകയോ കരാറുകാരൻ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ നൽകുകയോ ചെയ്തതായി കാണുന്നില്ല. അടിയന്തരമായി ചെയ്തുതീർക്കേണ്ട അംഗൻവാടി അറ്റകുറ്റപ്പണിപോലുള്ള പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തുന്നത് ഗൌരവമായി വീക്ഷിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/18.09.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

ഹോമിയോ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ ഗവ:ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (S0016/2023), ഹോമിയോ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (S0017/2023) എന്നീ പ്രോജക്ടുകൾക്കായി 2,00,000/- രൂപ വീതം ആകെ 4,00,000/- രൂപ ഹോംകൊ, ആലപ്പുഴ എന്ന സ്ഥാപനത്തിന് അക്കൗണ്ട് ട്രാൻഫർ വഴി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ | S0016 /2023 | S0017/2023 |
|---|---|---|
| പ്രോജക്ട് | ഗവ: ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ | ഹോമിയോ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ | 2,00,000/-<br>(മെയിന്റനൻസ് റോഡിതരം) | 2,00,000/-<br>(മെയിന്റനൻസ് റോഡിതരം) |
| പ്രൊഫോർമ ഇൻവോയ്സ് നമ്പർ | പി.എഫ് -1141 / തീയതി 06/01/2023, | പി.എഫ് -836/തീയതി 18/11/2022 |
| ചെലവ് | ബിൽ തുക: 2,00,000/-<br>ട്രഷറി ബിൽ നമ്പർ: 222<br>തീയതി: 08-01-2022 | ബിൽ തുക: 2,00,000/-<br>ട്രഷറി ബിൽ നമ്പർ: 168<br>തീയതി: 03-01-2023 |

ഗവ:ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (S0016/2023) എന്ന പ്രോജക്ടിൽ 2,00,000/- രൂപയുടെ മരുന്നും ഹോമിയോ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിന് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ (S0017/2023) എന്ന പ്രോജക്ടിൽ 1,05,077/- രൂപയുടെ മരുന്നും ഉൾപ്പടെ ആകെ 3,05,077/- രൂപയുടെ മരുന്ന് ഇതുവരെ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:10, തീയതി:14-09-2023)

മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് മരുന്നുകളുടെ ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭിക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-27 കുടുംബാരോഗ്യ കേന്ദ്രത്തിന് മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

എഫ്.എച്ച്.സി മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ അതിദരിദ്രർക്ക് മരുന്ന് (S0198/2023), ഗൃഹകേന്ദ്രീകൃത പരിചരണം (S0036/2023) എന്നീ പ്രോജക്ടുകളിൽ മരുന്ന് ലഭ്യമാക്കുന്നതിനായി യഥാക്രമം 7,890/- രൂപയും, 60,659/- രൂപയും കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് അക്കൗണ്ട് ട്രാൻസ്ഫർ വഴി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട്നമ്പർ | S0198/23 | S0036/23 |
|---|---|---|
| പ്രോജക്ട് | അതിദരിദ്രർക്ക് മരുന്ന് | ഗൃഹകേന്ദ്രീകൃത പരിചരണം |
| അടങ്കൽ | 4,00,000/-<br>(തനത് ഫണ്ട്) | 7,00,000/-<br>(തനത് ഫണ്ട്-2,00,000/- ,<br>മെയിന്റനൻസ് ഫണ്ട് റോഡിതരം-5,00,000/-) |
| ഇൻവോയ്സ് നമ്പർ | പി.എഫ് -4627/തീയതി 21/02/2023 | പി.എഫ് -3014/ തീയതി 15/12/2022 |
| ചെലവ് | ബിൽ തുക: 16,369/-<br>ട്രഷറി ബിൽ നമ്പർ: 263<br>തീയതി: 27-02-2023 | ബിൽ തുക: 60,659/-<br>ട്രഷറി ബിൽ നമ്പർ: 173<br>തീയതി: 03-01-2023 |

മേൽ സൂചിപ്പിച്ച S0198/23 എന്ന പ്രോജക്ടിനായി ആകെ ചെലവഴിച്ച 16,639/-രൂപയിൽ 7890/- രൂപ മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് കൈമാറിയെങ്കിലും 3,552/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 4338/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല, S0036/23 എന്ന പ്രോജക്ടിൽ 60,659/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക കൈമാറിയെങ്കിലും 9,730/- രൂപയുടെ മരുന്ന് മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ശേഷിക്കുന്ന 50,929/- രൂപയുടെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം:18, തീയതി:16-09-2023) മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് മരുന്നുകളുടെ ബിൽകോപ്പികൾ സ്റ്റോക്ക് എൻട്രി വരുത്തി ഓഡിറ്റിൽ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭിക്കാൻ സത്വരനടപടി സ്വീകരിക്കേണ്ടതാണ്. വിഷയം ആരോഗ്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-28 ലൈഫ് ഭവന പദ്ധതി - പണി ആരംഭിച്ചിട്ടില്ലാത്ത ഗുണഭോക്താക്കളുടെ വിവരങ്ങൾ

2022-23 വർഷം വി.ഇ.ഒ. നിർവഹണം നടത്തിയ ലൈഫ് മിഷൻ ഭവന നിർമ്മാണ പ്രോജക്ടുകൾ പ്രകാരം ആദ്യഗഡു തുകയായ 40,000/-രൂപ കൈപ്പറ്റിയ താഴെ പറയുന്ന വ്യക്തികൾ നാളിതുവരെ ഫൌണ്ടേഷൻ പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്റ്റിന്റെ പേര്, നം. | ആനുകൂല്യം കൈപ്പറ്റിയ വ്യക്തിയുടെ പേര്, മേൽവിലാസം | തുക കൈപ്പറ്റിയ തീയതി |
|---|---|---|
| ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ),<br>നം.98/23 | അല്ലി, വടകരശ്ശേരി കോളനി, വയലാർ (വാർഡ്-7) | 15.02.2023 |

| | | |
|---|---|---|
| ലൈഫ് മിഷൻ ഭവനനിർമ്മാണം (ജനറൽ), നം.69/23 | അനില വിനോദ്, പുതുവൽ നികർത്ത്, വയലാർ (വാർഡ്-8) | 21.03.2023 |
| ലൈഫ് 2020 – എസ് സി അഡീഷണൽ, നം.26/23 | തങ്കമ്മ, കഴുന്നാരം, വയലാർ (വാർഡ്-1) | 20.10.2022 |
| ലൈഫ് പദ്ധതി 2020 – എസ് സി നം.99/23 | തമ്പി, മുണ്ടുപറമ്പ്കരി (വാർഡ്-8) | 28.03.2023 |
| " | പ്രകാശൻ, പുതുവൽ നികർത്ത് (വാർഡ്-5) | 28.03.2023 |
| " | പൊന്നമ്മ, തുരുത്തേൽ നികർത്ത് (വാർഡ്-16) | 15.02.2023 |

ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി ഉചിതമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-29 ഐ.കെ.എം-ന് വിഹിതം നല്കൽ - വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നം.78/2023

പ്രോജക്ടിന്റെ പേര് – ഐ.കെ.എം-ന് വിഹിതം നല്കൽ

അടങ്കൽ- വികസന ഫണ്ട് -50458/-രൂപ

ചെലവ്- 50458/-രൂപ (ബിൽ നം.9 തീയതി.12.10.2022)

നിർവ്വഹണം – സെക്രട്ടറി

ഐ.കെ.എം വിഹിതമിനത്തിൽ പൊതു വിഭാഗം വികസന ഫണ്ടിൽ നിന്നും 50458/-രൂപ ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.21 തീയതി.18.09.2023) ലഭിച്ച മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് ഐ കെ എം-ന് കത്ത് നല്കിയിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുക 50458/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 ഡെപ്പോസിറ്റ് പ്രവൃത്തികൾ -പൂർത്തീകരണ രേഖകൾ ഹാജരാക്കിയില്ല

1. പ്രോജക്ട് നം.188/2023

പ്രോജക്ടിന്റെ പേര്: പോസ്റ്റ് മാറ്റിവയ്ക്കൽ വാർഡ് -1

അടങ്കൽ – തനത് ഫണ്ട് - 81744/-രൂപ

ചെലവ് – 81744/-രൂപ (ചെക്ക് നം. – 8122652, തീയതി. 07.01.2023)

നിർവ്വഹണം – സെക്രട്ടറി

2. പ്രോജക്ട് നം.189/2023

പ്രോജക്ടിന്റെ പേര്: പോസ്റ്റ് മാറ്റിവയ്ക്കൽ വാർഡ് -2

അടങ്കൽ-തനത് ഫണ്ട് - 73732/-രൂപ

ചെലവ്-73732/-രൂപ (ചെക്ക് നം. – 8122652 , തീയതി.07.01.2023)

നിർവഹണം:- സെക്രട്ടറി

ഗ്രാമ പഞ്ചായത്തിലെ 1, 2 എന്നീ വാർഡുകളിലെ പോസ്റ്റ് മാറ്റിവയ്ക്കുന്നതിനായി കെ.എസ്.ഇ.ബി-യിലേയ്ക്ക് മേൽ പ്രോജക്റ്റുകൾ പ്രകാരം യഥാക്രമം 81744/-രൂപ, 73732/-രൂപ എന്നിങ്ങനെ ആകെ 155476/-രൂപ ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട്. എന്നാൽ പ്രവൃത്തികൾ പൂർത്തീകരിച്ച് നാളിതുവരെയായും പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.13 തീയതി.14.09.2023) പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ കെ എസ് ഇ ബി, പട്ടണക്കാട് ഡിവിഷന് കത്ത് നല്കിയിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ട്. രേഖകളുടെ അഭാവത്തിൽ 155476/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ഓഡിറ്റ് ഇംപാക്റ്റ് - അനുപൂരക പോഷകാഹാര പദ്ധതിയിൽ അധികം ചെലവഴിച്ച 6000/- രൂപ തിരികെ അടച്ചു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര പദ്ധതി (പ്രോജക്റ്റ് നം. 2/23) എന്ന പ്രോജക്റ്റിൽ, ഗ്രാമ ജ്യോതിയുടെ 23.08.2022-ലെ 350-ാം നമ്പർ ബിൽ പ്രകാരം 70/-രൂപ നിരക്കിൽ 1113 കി.ഗ്രാം THRS ന്യൂട്രിമിക്സ് വാങ്ങിയതിന് (സി ജി എസ് ടി 1948/- + എസ് ജി എസ് ടി - 1948/- + ട്രാൻസ്പോർട്ടേഷൻ ചാർജ്ജ്-2782/- ഉൾപ്പെടെ) 90588/-രൂപ നല്കി. ടി സാധനം മേൽ നിരക്കുകൾ പ്രകാരം ലഭ്യമാക്കുമ്പോൾ 84588/- രൂപ നല്കിയാൽ മതി. സ്ഥാപനത്തിന്റെ ഡിമാന്റിൽ/ബില്ലിൽ 90588/- രൂപ എന്ന് തെറ്റായി രേഖപ്പെടുത്തിയതുമൂലം 6000/- രൂപയുടെ നഷ്ടമുണ്ടായി (90588-84588). ഈ വിവരം ചൂണ്ടിക്കാണിച്ച് ഓഡിറ്റ് അന്വേഷണം (നം. 12/തീയതി - 15.09.2023) നല്കിയതിനെത്തുടർന്ന് 6000/- രൂപ ട്രഷറിയിൽ ഒടുക്കി ചലാന്റെ (ചലാൻ നം.-GRN-KL018787978202324M തീയതി -19.09.2023) പകർപ്പ് പരിശോധനയ്ക്ക് ലഭ്യമാക്കി.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഡിമാൻഡ് ചെയ്തീടാക്കിയില്ല - 10,000/- രൂപ വരുമാന നഷ്ടം

1996 ലെ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങൾ പ്രകാരം പഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധ വർഷത്തിൽ 60 ദിവസത്തിൽ കുറയാതെ പ്രവർത്തിക്കുന്ന ബാങ്കിംഗ് സ്ഥാപനങ്ങൾ/കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ/സഹകരണ ബാങ്കിംഗ് സ്ഥാപനങ്ങൾ, മറ്റ് സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 1250/- രൂപ അർദ്ധവാർഷിക നിരക്കിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23ലെ സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ, പരിശോധിച്ചതിൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധവർഷം | ഈടാക്കാവുന്ന സ്ഥാപന തൊഴിൽ നികുതി |
|---|---|---|---|
| 1 | കാമധേനു ക്ഷീരോൽപ്പാദക സഹകരണ സംഘം, എ.ഡി 288 | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 2 | ഒളതല ക്ഷീരോൽപ്പാദക സഹകരണ സംഘം, എ.ഡി 292 | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |

| | | | |
|---|---|---|---|
| 3 | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് പോർട്ടൽ ഓഫീസ്, വയലാർ കവല | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| 4 | യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് പോർട്ടൽ ഓഫീസ്, നാഗംകുളങ്ങര കവല | രണ്ട് അർദ്ധ വർഷങ്ങളിലും | 1250X2=2500 |
| | ആകെ | | 10,000/- |

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് തൊഴിൽ നികുതി ഒടുക്കുന്നതിന് കത്ത് നൽകിയെന്നും നികുതി അടവാക്കുന്ന മുറക്ക് ഓഡിറ്റിൽ അറിയിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം:04, തീയതി 13/09/2023) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ഇത്തരത്തിലുള്ള വരുമാന നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 സ്കോളർഷിപ്പ് വിതരണം - ഗുണഭോക്താവിന് അധികം തുക നല്കി

ഐ സി ഡി എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ശാരീരിക വെല്ലുവിളി നേരിടുന്ന പഠിതാക്കൾക്കും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും സ്കോളർഷിപ്പ് (പ്രോ.നം 21/23) എന്ന പ്രോജക്റ്റിൽ, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി വികസന ഫണ്ട് (ജനറൽ), ബ്ലോക്ക് പഞ്ചായത്ത് വിഹിതം, ജില്ലാ പഞ്ചായത്ത് വിഹിതം എന്നിവയിൽ നിന്നും ബിൽ ബുക്ക് പ്രകാരം തൻവർഷം 8,81,100/- രൂപയും തനത് ഫണ്ടിൽ നിന്നും 20,000/-രൂപയും ചേർത്ത് ആകെ 9,01,100/- രൂപ ചെലവഴിച്ചിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ, ഗുണഭോക്താക്കൾക്ക് അർഹതയിലും അധികം തുക താഴെ പറയും പ്രകാരം നല്കിയിട്ടുണ്ട്.

| ക്രമ നം. | കുട്ടിയുടെ പേര്, മേൽവിലാസം, പഠിക്കുന്ന ക്ലാസ് | അർഹമായ തുക | നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 01 | ആദിത്യൻ പി ഡി, പോട്ടക്കാട് നിവർത്ത്, വയലാർ എട്ടാം ക്ലാസ്സ് | 6600 (പ്രതിമാസ സ്കോളർഷിപ്പ് നിരക്ക് 500 രൂപ + വാർഷിക ബത്ത – 600) | 21500 | 14900 |
| 02 | അരവിന്ദ്, ചാണിയിൽ വീട് പ്ലസ് ടു | 8000 (പ്രതിമാസ സ്കോളർഷിപ്പ് നിരക്ക് 600 രൂപ + വാർഷിക ബത്ത – 800) | 10500 | 2500 |
| | ആകെ തുക | | | 17400/- |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/തീയതി - 15.09.2023) ലഭ്യമാക്കിയ മറുപടിയിൽ ടി പദ്ധതി പ്രകാരം ആനുകൂല്യം നല്കിയപ്പോൾ 2

ഗുണഭോക്താക്കൾക്ക് അധികം തുക നല്കിയെന്നും ഗുണഭോക്താക്കൾ ശാരീരിക പരിമിതികൾ, സാമൂഹിക പശ്ചാത്തലം എന്നിവ മൂലം അവശത അനുഭവിക്കുന്ന വിഭാഗമായതിനാൽ തുക തിരിച്ചടപ്പിക്കുന്നത് ബുദ്ധിമുട്ടുള്ള കാര്യമാണെന്നും തുക 2023-24 വർഷത്തെ ആനുകൂല്യം നല്കുമ്പോൾ കുറവ് ചെയ്ത് നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക അധികം നല്കിയത് ഐ സി ഡി എസ് സൂപ്പർവൈസറുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായതിനാൽ 17400/-രൂപയുടെ ചെലവ് നിർവഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നു.

ചെലവ് വിവരം

ബിൽ നം . 3/2022-23, തീയതി- 10.10.2022, തുക- 1,82,500

ബിൽ നം . 4/2022-23, തീയതി- 10.10.2022, തുക- 2,00,000

ബിൽ നം . 5/2022-23, തീയതി- 08.12.2022, തുക- 2,23,200

ബിൽ നം . 6/2022-23, തീയതി- 08.12.2022, തുക-92,000

ബിൽ നം . 9/2022-23, തീയതി- 27.02.2023, തുക-84,400

ബിൽ നം . 10/2022-23, തീയതി-27.02.2023, തുക-99,000

## 3-2 റോഡ് പ്രവൃത്തികൾ - കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലം നഷ്ടം

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ ചില റോഡ് നിർമ്മാണ പ്രവൃത്തികളിൽ, Construction Of Subgrade And Earthen Shoulders With Approved Material Obtained From Borrow Pits എന്ന ഇനം ചെയ്തതിന്റെ അളവിൽ നിന്നും കൺസോളിഡേഷൻ കുറവ് ചെയ്തിട്ടില്ല. സി.പി.ഡബ്ള്യൂ.ഡി സ്പെസിഫിക്കേഷൻ 1.27.1.2, 1.27.1.3 എന്നിവ പ്രകാരം ലൈറ്റ് മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ ഫില്ലിംഗ് അളവിൽ നിന്നും 10% ഉം ഹെവി മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച് കൺസോളിഡേറ്റ് ചെയ്താൽ 5% ഉം കുറവ് ചെയ്ത് മാത്രം മൂല്യനിർണ്ണയം നടത്തേണ്ടതാണ്. കൺസോളിഡേഷൻ കുറവാക്കാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 15/15.09.2023) സ്പെസിഫിക്കേഷൻ പ്രകാരമുള്ള അപ്പ്രൂവ്ഡ് മെറ്റീരിയൽ Gravel Metal Mix, Metal Mix, Quary Dest എന്നിവ ആകാം എന്നും ആയതിന് കൺസോളിഡേഷൻ ആവശ്യമില്ല എന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന്റെ ഡാറ്റായിൽ ഹെവി മെക്കാനിക്കൽ മെഷിനറി ഉപയോഗിച്ച കൺസോളിഡേഷൻ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ മറുപടി അംഗീകരിക്കുന്നില്ല. പ്രവൃത്തികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | കരാറുകാരൻ ടെൻഡർ കുറവ് | ഫില്ലിംഗ് അളവ് | 5% കൺസോളിഡേഷൻ കുറവ് ചെയ്ത ശേഷം അനുവദിക്കാവുന്ന അളവ് | അധികം | ബിൽനം./ തീയതി |
|---|---|---|---|---|---|---|
| 1 | പൂജവെളി ചൂഴാറ്റിൽ റോഡ് അറ്റകുറ്റപ്പണി വാർഡ് 2 (പ്രോജക്ട് നം.S0125/23) | ഭാർഗ്ഗവൻ.കെ, ഉത്തമംതറ, കടക്കരപ്പള്ളി (0.15% കുറവ്) | $42m^3$ | $39.9m^3$ | $2.1m^3$@ 1210.20 = 2541 (-)0.15% =2537 | 17/29.03.2023 |
| 2 | ഞാറക്കാട്ട് കോയിക്കൽ റോഡ് | ഭാർഗ്ഗവൻ.കെ, ഉത്തമംതറ, കടക്കരപ്പള്ളി | $48m^3$ | $45.6m^3$ | $2.4m^3$@ 1210.20 =2904 | 16/29.03.2023 |

| | | | | | | |
|---|---|---|---|---|---|---|
| | അറ്റകുറ്റപ്പണി വാർഡ് 2(പ്രോജക്ട് നം.S0124/23) | (0.5% കുറവ്) | | | (-)0.5% =2889 | |
| 3 | വേലശ്ശേരി കോളനി തേരുവള്ളിച്ചിറ റോഡ് നിർമ്മാണം പൂർത്തീകരണം (പ്രോജക്ട് നം.S0112/23) | ഭാർഗ്ഗവൻ.കെ, ഉത്തമംതറ, കടക്കരപ്പള്ളി (എസ്റ്റിമേറ്റ് നിരക്ക്) | 60$m^3$ | 57$m^3$ | 3$m^3$@ 1210.20 =3631 | 23/31.03.2023 |
| 4 | മുണ്ടംവെളി ചക്കംവെളി റോഡ് നിർമ്മാണം വാർഡ് 11 പ്രോജക്ട് നം.S0173/23) | ഭാർഗ്ഗവൻ.കെ, ഉത്തമംതറ, കടക്കരപ്പള്ളി (എസ്റ്റിമേറ്റ് നിരക്ക്) | 39.100$m^3$ | 37.145$m^3$ | 1.955$m^3$@ 1210.20 =2366 | 22/31.03.2023 |
| | ആകെ | | | | 11423+18% GST | |

കൺസോളിഡേഷൻ കുറവ് ചെയ്യാത്തതുമൂലമുള്ള നഷ്ടം 11423/- രൂപയും ജി.എസ്.റ്റി 2056/- രൂപയും ഉൾപ്പെടെ 13479/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറുടെ ബാദ്ധ്യതയാകുന്നതാണ്.

## 3-3 പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം - ഉത്തരവിലെ നിർദ്ദേശം പാലിക്കാതെ അധികം തുക നല്കി

അടങ്കൽ

വികസന ഫണ്ട് - റ്റി എസ് പി -95,000

തനത് ഫണ്ട് -20,000

ആകെ- 1,15,000

ചെലവ്

വികസന ഫണ്ട് - റ്റി എസ് പി 95,000

[ 1). 10/23, തീയതി - 25.11.2022, തുക-55000/-

2). 29/23 തീയതി- 16.03.23, തുക-10,000/-

3). 31/23 തീയതി- 28.03.23, തുക-4333/-

4).34/23 തീയതി- 29.03.23, തുക-12,833/-

5).37/23 തീയതി- 31.03.23, തുക-12,834/-]

തനത് ഫണ്ട് - 5,000 /-

(1.ചെക്ക് നം. - 097249, തീയതി – 30.03.3023, തുക - 2834/-

2.ചെക്ക് നം. 097252 തീയതി – 31.03.2023, തുക - 2166/-)

ആകെ- 1,00,000/-

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണം നടത്തിയ പരമ്പരാഗത തൊഴിലുകൾക്ക് പ്രോത്സാഹനം (86/23) എന്ന പ്രോജക്റ്റിൽ സബ്സിഡി അധികം അനുവദിച്ചതുമൂലം ഗ്രാമപഞ്ചായത്തിന് 25000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. സർക്കാർ ഉത്തരവ് (കൈ) നം. 115/2022/തസ്വഭവ, തീയതി. 28.05.2022 പ്രകാരം സ്വയം തൊഴിൽ (വ്യക്തിഗതം) ഇനത്തിൽ പ്രോജക്റ്റ് രൂപീകരിക്കുമ്പോൾ പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിന് നല്കാവുന്ന സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി ആകെ ചെലവിന്റെ 75% തുകയും സബ്സിഡിയുടെ പരമാവധി 90,000/- രൂപയുമാണ്. എന്നാൽ പ്രസ്തുത പ്രോജക്റ്റിൽ, ഗുണഭോക്താക്കൾ ചെലവഴിച്ച തുക പൂർണ്ണമായും സബ്സിഡിയായി അനുവദിച്ചു. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, മേൽ വിലാസം | ചെലവ് രേഖകൾ പ്രകാരമുള്ള തുക | അനുവദിക്കാവുന്ന തുക | അനുവദിച്ച തുക | അധികം നല്കിയ തുക |
|---|---|---|---|---|---|
| 1 | ശകുന്തള, ഉന്നാവീട് വയലാർ പി ഒ, ചേർത്തല | 5000 | 3750 | 5000 | 1250 |
| 2 | തങ്കമ്മ, പനമ്പാട്ട് കോളനി വയലാർ | 5000 | 3750 | 5000 | 1250 |
| 3 | ഗീതമ്മ, മുണ്ടപ്ലാമൂട്ടിൽ വയലാർ | 5000 | 3750 | 5000 | 1250 |
| 4 | ശാന്ത, ശാന്തി നിവാസ് വയലാർ | 5000 | 3750 | 5000 | 1250 |
| 5 | ലീല, കണ്ണാട്ടുചിറ വയലാർ | 5000 | 3750 | 5000 | 1250 |
| 6 | ലളിത, വടകരശ്ശേരി കോളനി, വയലാർ | 5000 | 3750 | 5000 | 1250 |
| 7 | സുശീല, പരമേശ്വര നിവാസ്, വയലാർ | 5000 | 3750 | 5000 | 1250 |
| 8 | കുട്ടമ്മ, ആഞ്ഞിലിചിറ വയലാർ | 5000 | 3750 | 5000 | 1250 |
| 9 | മനോഹരൻ, പനമ്പാട്ട് കോളനി വയലാർ | 10000 | 7500 | 10000 | 2500 |
| 10 | അല്ലി, വടകരശ്ശേരി കോളനി, വയലാർ | 5000 | 3750 | 5000 | 1250 |
| 11 | ചന്ദ്രൻ ആർ സി, ഉന്നാവീട്, വയലാർ | 10000 | 7500 | 10000 | 2500 |
| 12 | ദിവ്യ അനിൽകുമാർ, പുതുവൽ നികർത്ത് | 5000 | 3750 | 5000 | 1250 |

| | | | | | |
|---|---|---|---|---|---|
| | വയലാർ | | | | |
| 13 | കുഞ്ഞച്ചൻ, കണ്ണാട്ടുച്ചിറ വയലാർ | 10000 | 7500 | 10000 | 2500 |
| 14 | കുമാരി, ശ്രീഭവനം വയലാർ | 5000 | 3750 | 5000 | 1250 |
| 15 | സജീവൻ സി.ബി, ഉന്നാവീട് വയലാർ | 10000 | 7500 | 10000 | 2500 |
| 16 | അംബിക, ഉന്നാവീട് വയലാർ | 5000 | 3750 | 5000 | 1250 |
| ആകെ | | | | | 25000 |

മേൽ അപാകതയ്ക്ക് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11/15.09.2023) മറുപടി ലഭ്യമാക്കിയില്ല. അധികം നല്കിയ 25000/-രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക രേഖകൾ പരിശോധിക്കാതെ അധികം തുക അനുവദിച്ച നിർവ്വഹണ ഉദ്യോഗസ്ഥയുടെ ബാധ്യതയായി നിർണ്ണയിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 100000 | അങ്കണവാടി പോഷകഹാരം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 182500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 182500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 140000 | ലൈഫ് പദ്ധതി | 140000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000 | പട്ടശ്ശേരി - NH റോഡ് റീടാറിംഗ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 250000 | കോർപ്പറേഷൻ ബാങ്ക് ചാത്തൻചിറ റോഡ് | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 150000 | അഗതി രഹിതകേരളം | 150000 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | | 1072500 | | 1072500 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 135000 | അങ്കണവാടി പോഷകാഹാരം | 135000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 200000 | സ്കോളർഷിപ്പ് | 200000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 80000 | ഇരട്ടവീട് ഒറ്റയാക്കൽ | 80000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 340000 | ലൈഫ് എസ് സി അഡീഷണൽ | 340000 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 100000 | അഗതി രഹിത കേരളം | 100000 | 0 |
| ആകെ | | 855000 | | 855000 | 0 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൊതു ടാപ്പ് വിച്ഛേദിക്കൽ | 2200671 | 357343 | 0 | 357343 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 41,80,000/-രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| Life KURDF | 6872/2022/Fin 1049/23/Fin | 4180000 | 39053514 | 4101976 | 0 | 39131538 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 9957/- രൂപയുടെ വിശദാംശങ്ങൾ താഴെ കൂടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തിയ്യതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2018-19 | 1-25 | 136 | ലത എ മേനോൻ | 1220102424, 20.12.2022 |
| 2020-21 | 1-27 | 9821 | ഉണ്ണിക്കൃഷ്ണൻ & നാരായണൻ | 1220100042, 12.04.2022 |

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2019-20 | 1-19 | 2020-21 | 1-19 | ഹോമിയോ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിനു മരുന്ന് പൂർണ്ണമായും ലഭ്യമായില്ല | പ്രോജക്ട് നം. S00 95/20<br>അടങ്കൽ-3,00,000/-<br>(മെയിന്റനൻസ് ഫണ്ട്-റോഡിതരം)<br>ഹോമിയോ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിനു മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങൽ എന്ന പ്രോജക്ട് പ്രകാരമുള്ള എല്ലാ മരുന്നുകളും ലഭ്യമായിട്ടുള്ളതായി മെഡിക്കൽ ഓഫീസർ (ഹോമിയോ) അറിയിച്ചിട്ടുണ്ട്. |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 57748831 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 29379436 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10000 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 55879 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 316318 |

(ബി). ഗ്രാമപഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 10000 | | ശ്രീമതി. ലത എ മേനോൻ, സെക്രട്ടറി |
| 3-1 | | 17400 | ശ്രീമതി. സിന്ധു ജിങ്ക ചാക്കോ, |

| | | | |
|---|---|---|---|
| | | | ഐ സി ഡി എസ് സൂപ്പർവൈസർ |
| 3-2 | | 13479 | ശ്രീ. ദിനേശ്കുമാർ കെ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-3 | | 25000 | ശ്രീമതി. ഷിജി രാജൻ റ്റി ആർ, അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ | 10000 | 55879 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21(1) | 25000 | ശ്രീ. സുനീഷ് കെ ജെ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വയലാർ |
| 1-21(2) | 25000 | ശ്രീമതി. താരാദേവി ആർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഒളതല |
| 1-21(2) | 25000 | ശ്രീമതി. താരാദേവി ആർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഒളതല |
| 1-22 | 35384 | ശ്രീമതി. മായാദേവി പി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-29 | 50458 | ശ്രീമതി. ലത എ മേനോൻ, സെക്രട്ടറി |
| 1-30 | 155476 | ശ്രീമതി. ലത എ മേനോൻ, സെക്രട്ടറി |
| ആകെ | 316318 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | തുക |
|---|---|
| 1-20 | 6814 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

1-22

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ലത എ മേനോൻ, സെക്രട്ടറി | സർവ്വീസിൽ നിന്നും വിരമിച്ചു | ലത നിവാസ്, പട്ടണക്കാട് പി.ഒ, ചേർത്തല |
| ശ്രീമതി. സിന്ധു ജിങ്ക ചാക്കോ, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, പുലിക്കീഴ് ബ്ലോക്ക് പഞ്ചായത്ത്, പത്തനംതിട്ട | ബിൻസിൻവില്ല, ശാന്തിപുരം ഹൌസിംഗ് കോളനി, മുട്ടമ്പലം പി.ഒ, കോട്ടയം, പിൻ – 686006 |
| ശ്രീ. ദിനേശ്കുമാർ കെ എസ്, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വയലാർ ഗ്രാമപഞ്ചായത്ത് | ദേവാമൃതം, വേളോർവട്ടം, സി എം സി 1, ചേർത്തല പി.ഒ. പിൻ- 688524 |

| | | |
|---|---|---|
| ശ്രീമതി. മായാദേവി പി ആർ, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, ചേർത്തല നഗരസഭ | സാഗർമഠം, എസ്.എൻ.പുരം.പി.ഒ, ചേർത്തല |
| ശ്രീമതി. ഷിജി രാജൻ റ്റി ആർ, അസിസ്റ്റന്റ് സെക്രട്ടറി | കരുംകുളം ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം | രേവതി, കാഞ്ഞിരനിന്ന, കണ്ണറവിള, നെല്ലിമൂട് പി.ഒ, തിരുവനന്തപുരം |
| ശ്രീ. സുനീഷ് കെ ജെ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വയലാർ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, വയലാർ ഗ്രാമപഞ്ചായത്ത് | കുട്ടുങ്കൽ, തൈക്കൽ പി.ഒ, ചേർത്തല |
| ശ്രീമതി. താരാദേവി ആർ, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, ഒളതല | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ, കരുവാറ്റ ഗ്രാമപഞ്ചായത്ത് | കോയിറ്റോടത്ത്, കരിക്കാട് പി.ഒ, തണ്ണീർമുക്കം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2000-01 | കെ.എസ്.എ-എ.എൽ.പി/പി2-1235/2022 തീയതി, 30.11.2022 |
| 2001-02 | |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | |
| 2007-08 | എൽ.എഫ്.എ.പി.4-605/2011/28.11.11/3.12.11 |
| 2008-09 | കെ.എസ്.എ-എ.എൽ.പി/പി2-1235/2022 തീയതി, 30.11.2022 |
| 2009-10 | |
| 2010-11, 2011-12 & 2012-13 | |
| 2013-14 | |
| 2014-15 | |
| 2015-16 | |
| 2016-17 | കെ.എസ്.എ.എ.എൽ.പി.പി2-1173/2017/18.09.2017 |
| 2017-18 | നം.കെ.എസ്.എ/എ.എൽ.പി/പി2-1620/2018/12-12-18 |
| 2018-19 | നം.കെ.എസ്.എ/എ.എൽ.പി/പി2-399 /2020/11.6.20 |
| 2019-20 | നം.കെ.എസ്.എ/എ.എൽ.പി/പി2-741 /2021/24.09.2021 |

| | |
|---|---|
| 2020-21 | നം.കെ.എസ്.എ/എ.എൽ.പി/പി2-742 /2021/24.09.2021 |
| 2021-22 | നം.കെ.എസ്.എ/എ.എൽ.പി/പി2-1122/2022/ 31/10/2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 1 dated 14-07-2023 and submitted on 22-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vayalar Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vayalar Grama Panchayat for the year 2022-2023

Date: 07/11/2023

Deputy Director
District Office Alappuzha
Kerala State Audit Department

## Audit Report appended to the Audit Certificate of Vayalar Grama Panchayat for the Year 2022-2023.

**1.Major Observations**

Nil

**2.Other Observations**

1. Mandatory documents such as ratios, notes on accounts are not incorporated with AFS.

2. Asset register is not updated hence its accuracy could not be verified.
3. Net increase/decrease in cash flow does not match with the difference between the opening balance and closing balance of cash and cash equivalents.
4. Festival advance balance in AFS does not match with register.

5. Collection and balance of property tax as per sanchaya statement disagrees with the same in AFS.
6. Demand entries are not recorded at the beginning of the year and every month thereafter.
7. Entertainment Tax -Register not maintained.

Deputy Director

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ വയലാർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്